**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 177** **14-10-2024 - ൽ മറുപടിയ്ക്ക്**

**ബി.സി.ഐ.602 ബോൺ ബ്രിഡ്ജ് ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയതലത്തിൽ മികച്ച ആശുപത്രികളിൽ മാത്രം നടത്തുന്ന അത്യപൂർവമായ ശസ്ത്രക്രിയകൾ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ബി.സി.ഐ. (ബോൺ കണ്ടക്ഷൻ ഇംപ്ലാന്റ്) 602 ശസ്ത്രക്രിയ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഒരാൾക്ക് ബോൺ ബ്രിഡ്ജ് ശസ്ത്രക്രിയ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. അതോടൊപ്പം തന്നെ അവയവം/ ടിഷ്യുമാറ്റ ശസ്ത്രക്രിയകൾ സർക്കാർ മേഖലയിലെ ആശുപത്രികളിൽ ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിന് സൗകര്യം ഉള്ള ആശുപത്രികളും ഓരോ ആശുപത്രിയിലും ലഭ്യമായ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യങ്ങളും അനുബന്ധമായി ചേർക്കുന്നു.<br><br>വിരളമായി മാത്രം ചെയ്യുന്ന കുട്ടികളിലെ കരൾമാറ്റ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. ഇതുപോലുള്ള ശസ്ത്രക്രിയ ചെയ്യുന്ന രാജ്യത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജാണ് കോട്ടയം മെഡിക്കൽ കോളേജ്. ഈ മെഡിക്കൽ കോളേജിൽ കാർഡിയോതൊറാസിക് വിഭാഗം വളരെ സങ്കീർണ്ണമായ **off pump submitral aneurysm and subclavian artery aneurysm** ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ മജ്ജമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനത്തിലാണ് . |
| (ബി) | പൊതുജനാരോഗ്യ മേഖലയിൽ ഈ സർക്കാർ നടത്തുന്ന ശാസ്ത്രീയവും ആത്മാർത്ഥവുമായ ഇടപെടലുകളുടെയും ആസൂത്രണത്തിന്റെയും അനന്തരഫലമായാണ് ഈ മികച്ച നേട്ടങ്ങൾ | (ബി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ സർജറികൾ നടത്താൻ കഴിഞ്ഞത് മികച്ച നേട്ടമായി വിലയിരുത്തുന്നു. ഇന്ത്യയിൽ തന്നെ ഈ സർജറികൾ നടത്തുന്ന സർക്കാർ ആശുപത്രികൾ അപൂർവ്വമാണ്. പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ മെഡിക്കൽ |

| | | | |
|---|---|---|---|
| | കൈവരിക്കാൻ കഴിഞ്ഞതെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | | കോളേജുകൾ വരെയുള്ള ആരോഗ്യ ശൃംഖലയിൽ ഈ സർക്കാർ നടത്തുന്ന കാര്യക്ഷമമായ ഇടപെടലുകളുടെയും, ആസൂത്രണത്തിന്റെയും ഭാഗമായാണ് ഇത്തരം നേട്ടങ്ങൾ സർക്കാർ ആശുപത്രികൾക്ക് പ്രാപ്യമാവുന്നത്. |
| (സി) | രാജ്യത്ത് അപൂർവ്വമായി മാത്രം നടന്നിട്ടുള്ള 'ബോൺ കണ്ടക്ഷൻ ഇംപ്ലാന്റ് (ബി.സി.ഐ.602) ബോൺ ബ്രിഡ്ജ് ശസ്ത്രക്രിയ' കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിജയകരമായി നടപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയതെന്ന് അറിയിക്കാമോ; | (സി) | സർജറി ചെയ്യുന്നതിനുള്ള ചെലവും, ഇംപ്ലാന്റ് വാങ്ങുന്നതിനുള്ള ചെലവും ഒന്നിന് **5,61,540/-** രൂപ പ്രകാരം സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ രോഗിക്ക് സൗജന്യ തെറാപ്പി സെക്ഷനും നൽകുന്നുണ്ട്. ഇതുവരെ **3** കുട്ടികൾക്ക് ബി.സി.ഐ.**602** ബോൺ ബ്രിഡ്ജ് ശസ്ത്രക്രിയ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതുവരെ നടന്ന പ്രസ്തുത ശസ്ത്രക്രിയകളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മറുപടി, (സി) പിരിവിന് നൽകിയത് പ്രകാരം |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| നം. | ആശുപത്രി | അവയവങ്ങൾ/ടിഷ്യൂ |
|---|---|---|
| 1 | സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം | വൃക്ക, കരൾ, ഹൃദയം,കോർണിയ |
| 2 | സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | വൃക്ക, കരൾ, ഹൃദയം, കോർണിയ, ശ്വാസകോശം |
| 3 | സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | വൃക്ക, കോർണിയ |
| 4 | സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | വൃക്ക, കോർണിയ |
| 5 | സർക്കാർ മെഡിക്കൽ കോളേജ്, തൃശൂർ | കോർണിയ |
| 6 | സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ | കോർണിയ |